**A** **512**

# സമഗ്ര ശിക്ഷാ, കേരളം
## അർധവാർഷിക മൂല്യനിർണയം 2019–20
## മലയാളം
## അടിസ്ഥാന പാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പരിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

താഴെ തന്നിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

**നാമൊന്ന്**

ഉണർന്നെണീക്കാം ഇനിമേൽ-
നമ്മൾക്കൊന്നായ് നിന്നീടാം.
തിരിച്ചെടുക്കാം
മണ്ണിനെ വിണ്ണിനെ
വിഷമയമാക്കാതെ.. !
പൊൻമണി നെൽക്കുല-
വിളഞ്ഞുനിൽക്കും
വയലുകൾ കാത്തീടാം.. !!
തണൽ വിരിക്കാൻ
മരങ്ങൾ നീളെ നട്ടുവളർത്തീടാം..!!
വെള്ളം പേറും കുന്നിന്നായി
കാവൽ നിന്നീടാം..
നല്ലൊരു നാളെ വരാനായ്
നമ്മൾക്കൊന്നായ് നിന്നീടാം..!! (ശിവപ്രസാദ് പെരിയച്ചൂർ)

1. 'ആകാശം' എന്നതിനു പകരം കവിതയിൽ ഉപയോഗിച്ച പദം ഏത്?
   (എ) മണ്ണ് (ബി) ഭൂമി (സി) വിണ്ണ്
2. 'നമ്മൾക്കൊന്നായ് നിന്നീടാം' എന്നു പറയുന്നത് എന്തിനുവേണ്ടിയാണ്?
   (എ) ഉണർന്നെണീക്കാൻ (ബി) നല്ലൊരു നാളെ വരാൻ
   (സി) മണ്ണിനെ വിണ്ണിനെ വിഷമയമാക്കാൻ

3. 'തിരിച്ചെടുക്കാം മണ്ണിനെ വിണ്ണിനെ വിഷമയമാക്കാതെ' എന്നതുകൊണ്ട് കവി ഉദ്ദേശിച്ച-തെന്തായിരിക്കും ?

(എ) പ്രകൃതിയെ മലിനമാക്കരുത്.

(ബി) മണ്ണിൽ കൃഷിയിറക്കരുത്.

(സി) ആകാശം പറവകളുടേതാണ്.

4. കുന്നിന് കാവൽ നിൽക്കണമെന്ന് കവി ആവശ്യപ്പെടുന്നത് എന്തുകൊണ്ടാണ് ?

(എ) കുന്നുകൾ ധാരാളമുള്ളതു കൊണ്ട്.

(ബി) കുന്നുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതിനാൽ .

(സി) കുന്നുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുകൊണ്ട്.

5. 'മരങ്ങൾ നീളെ നട്ടുവളർത്തിടാം'

ഈ വരിയുടെ ആശയം താഴെ പറയുന്നവയിൽ ഏതാണ് ?

(എ) നിരനിരയായി മരങ്ങൾ നട്ടുവളർത്താം.

(ബി) നീളമുള്ള മരങ്ങൾ നട്ടുവളർത്താം.

(സി) മരങ്ങൾ ധാരാളം നട്ടുവളർത്താം.

### പ്രവർത്തനം 2 വാങ്മയ ചിത്രം

കുട്ടിരാമമേനോൻ മാസ്റ്ററുടെയും ഗുരുദേവന്റെയുമൊക്കെ വാങ്മയ ചിത്രങ്ങൾ പരിചയപ്പെട്ടല്ലോ. ലോകം മുഴുവൻ നന്മയുടെ പ്രകാശം പരത്തിയ മഹാനാണ് ഗാന്ധിജി.



ലളിതമായ വേഷം.... സൗമ്യഭാവം...

ചിത്രവും സൂചനകളും ഉൾക്കൊണ്ട് ഗാന്ധിജിയുടെ സവിശേഷതകൾ ഉൾപ്പെടുത്തി **വാങ്മയ ചിത്രം** തയാറാക്കുക

### പ്രവർത്തനം 3 വിശകലനക്കുറിപ്പ്

ഈ വാർത്ത വായിക്കൂ.

**സൈക്കിൾ വാങ്ങാൻ സ്വരുക്കൂട്ടിയ പണം നൽകി ചെന്നൈക്കാരി അനുപ്രിയ**

തന്റെ സമ്പാദ്യക്കുടുക്ക പൊട്ടിക്കുമ്പോൾ രണ്ടാം ക്ലാസുകാരി അനുപ്രിയയുടെ മനസ്സിൽ പ്രളയദുരിതം അനുഭവിക്കുന്ന കേരളം മാത്രമായിരുന്നു. നാലു വർഷമായി സൈക്കിൾ വാങ്ങാനായി കൂട്ടിവച്ച നാണയത്തുട്ടുകൾ അച്ഛനെ ഏൽപ്പിച്ചു കൊണ്ട് എട്ടുവയസ്സുകാരി പറഞ്ഞു, "അപ്പാ ഇത് കേരളാവുക്ക് കൊടുങ്കൊ."

ഈ അനുഭവത്തെ "അണ്ണാറക്കണ്ണനും തന്നാലായത് "എന്ന പഴഞ്ചൊല്ലിനെ മുൻനിർത്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 4 ആസ്വാദനക്കുറിപ്പ്

### വൈകിവന്ന പൂവിന്

വൈകി വന്ന പൂവിനെന്റെ
കണ്ണു കൊണ്ടൊരുമ്മ!
കണ്ണുനീരണിഞ്ഞു നിൽക്കെ-
യുള്ളുചുട്ടൊരുമ്മ!
നീയെനിക്കു സുന്ദരി
അത്രമേൽ പ്രിയങ്കരി.
ഉണ്ടു ദു:ഖമെങ്കിലും
നിറഞ്ഞു പുഞ്ചിരിപ്പുനീ!
നിൻ സുഗന്ധമിവിടെയൊക്കെ
നീ വിതക്കുക.
നിൻ വെളിച്ചമുലകിനാകെ
നീ കൊടുക്കുക.
നീയെനിക്കു സുന്ദരി
അത്രമേൽ പ്രിയങ്കരി!

(പി.മധുസൂദനൻ)

'പ്രകാശം പരത്തുന്നവർ' എന്ന യൂണിറ്റിലൂടെ അറിഞ്ഞ കാര്യങ്ങളും കവിതയിലെ ആശയവും പരിശോധിച്ച് കവിതക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 5 താരതമ്യക്കുറിപ്പ്

അമ്മ വരാന്തയുടെ തുടക്കത്തിൽ ഒരില വയ്ക്കാൻ എന്നോടു പറഞ്ഞു. ഞാൻ നിലത്തു വച്ച ഇലയിൽ അമ്മ ഒരു ചോറുരുള വച്ചു. ഞാൻ ഉരുളയിലേക്ക് നോക്കി. ചോറും പരിപ്പും നെയ്യും പപ്പടവും കൂടി യോജിപ്പിച്ച് ഉരുട്ടിയെടുത്തതായിരുന്നു അത്. അങ്ങനെ വരാന്തയിൽ ഇടയ്ക്കിടെ ഞാൻ ഇല വയ്ക്കുകയും അമ്മ ഉരുള വയ്ക്കുകയും ചെയ്തു. അതിനിടെ ഞാൻ ചോദിച്ചു! "ഇതെന്തിനാണ് അമ്മേ?". "ഓണമല്ലേ മോനേ, ഓണത്തിന് ഉറുമ്പിനും കൊടുക്കണം." അമ്മ പറഞ്ഞു.
ഉറുമ്പിനോ ? ഉറുമ്പിനെന്തിനാ കൊടുക്കുന്നേ? ഞാൻ തർക്കിച്ചു.
മോനേ ഉറുമ്പും ദൈവ സൃഷ്ടിയല്ലേ? അതിനും വിശപ്പില്ലേ ? അതുപോലും വിശന്നിരുന്നാൽ ഓണം ഓണമാവുകയില്ല.
പ്രൊഫസർ എസ്.ശിവദാസിന്റെ ലേഖനത്തിലെ ഒരു ഭാഗമാണിത്.
'ജൈവമീ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കുവിൻ' എന്ന് അബ്ദുറഹിമാൻ സാഹിബ് നമ്മോട് പറയുന്നു.
ആരോടും സ്നേഹമില്ലാത്ത, ഒന്നിനോടും സ്നേഹമില്ലാത്ത എത്രയെത്ര പ്രവൃത്തികളാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളും മുകളിൽ നൽകിയ ലേഖനഭാഗത്തിലെ ആശയവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 6 ലഘു ഉപന്യാസം

യാതൊരു ഭേദവുമില്ലാതെ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കാൻ അബ്ദുറഹിമാൻ സാഹിബും ശ്രീനാരായണ ഗുരുദേവനും നമ്മോടാവശ്യപ്പെടുന്നു.

കേരളത്തിൽ വലിയ ദുരന്തമുണ്ടായപ്പോൾ ഇത്തരത്തിലുള്ള പല നന്മകളും നാം കാണുകയുണ്ടായി. ജീവൻ പണയം വച്ച് മറ്റുള്ളവരുടെ രക്ഷക്കെത്തുന്നവർ, മക്കളുടെ വിവാഹത്തിനു നീക്കി വച്ച പണം നൽകിയവർ, സമ്പാദ്യക്കുടുക്ക അപ്പാടെ ഏൽപ്പിക്കുന്ന കുട്ടികൾ, ജാതിയും മതവും നോക്കാതെ ജനങ്ങളെ സഹായിക്കുകയും സൗകര്യമൊരുക്കുകയും ചെയ്യുന്ന ആരാധനാലയങ്ങൾ ..... അങ്ങനെ എത്രയോ കാഴ്ചകൾ!

ഇവരും പ്രകാശം പരത്തുന്നവരല്ലേ? 'പ്രകാശം പരത്തുന്നവർ' എന്ന പാഠഭാഗങ്ങളിലൂടെ നിങ്ങൾ മനസിലാക്കിയ മനുഷ്യസ്നേഹം, അനീതികളെ എതിർക്കൽ എന്നീ ആശയങ്ങളെ ഉൾപ്പെടുത്തി 'അതിരില്ലാത്ത സ്നേഹം' എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയാറാക്കുക.